പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 231

# 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 31-10-2019

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 231

# 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 231

# 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് വീണ്ടും

ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് (2007-ലെ 1) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 മാർച്ച് 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 5-ാം വകുപ്പിനുള്ള ഭേദഗതി.—2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിന്റെ (2007-ലെ 1) 5-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ "ഒരു ലക്ഷം രൂപയോ" എന്ന വാക്കുകൾക്ക് പകരം "രണ്ട് ലക്ഷം രൂപയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 36) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിന്റെ 5-ാം വകുപ്പ്, കമ്മീഷന്റെ അധികാരങ്ങളെയും ചുമതലകളെയും കുറിച്ച് പ്രതിപാദിക്കുന്നു. പ്രസ്തുത വകുപ്പിന്റെ (3)-ാം ഉപവകുപ്പ് പ്രകാരം ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, മുതൽ, പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കപ്പെടുന്നതു വഴി ഒരു കർഷകനു നൽകുന്ന ഏതെങ്കിലും കടാശ്വാസം ഒത്തുതീർപ്പിലെത്തിച്ചേർന്ന കടത്തുക അമ്പതിനായിരം രൂപയോ അതിൽ കുറവോ ആയിരിക്കുന്ന സംഗതിയിൽ എഴുപത്തിയഞ്ച് ശതമാനത്തിലോ, അമ്പതിനായിരം രൂപയിൽ കൂടുതൽ ആയിരിക്കുന്ന സംഗതിയിൽ അമ്പത് ശതമാനത്തിലോ അധികരിക്കാത്ത തുകയോ അല്ലെങ്കിൽ ഒരു ലക്ഷം രൂപയോ ഏതാണോ കുറവ് അത് ആയിരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

2. കർഷക കടാശ്വാസ കമ്മീഷൻ, അൻപതിനായിരം രൂപയ്ക്ക് മേലുള്ള കുടിശ്ശികയ്ക്ക് കർഷകനു നല്കുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ടു ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു. പ്രസ്തുത ആവശ്യത്തിലേക്ക് 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിലെ 5-ാം വകുപ്പ് അനുയോജ്യമായി ഭേദഗതി ചെയ്യുവാനും തീരുമാനിക്കുകയുണ്ടായി.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ്, 2019 ജൂലൈ 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019-ലെ 36-ാം നമ്പർ ഓർഡിനൻസായി 2019 ജൂലൈ 29-ാം തീയതിയിലെ 1717-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2019-ലെ 36-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുന്ന 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ടിന്റെ 5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ഒത്തുതീർപ്പിലെത്തിച്ചേർന്ന കടത്തുക അമ്പതിനായിരം രൂപയിൽ കൂടുതലാകുന്ന സംഗതിയിൽ കർഷകന് നൽകുന്ന കടാശ്വാസം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ടു ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനാൽ ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ഏകദേശം എൺപത് കോടി രൂപയുടെ ആവർത്തക ചെലവ് പ്രതീക്ഷിക്കുന്നു. സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും അനാവർത്തക ചെലവൊന്നും പ്രതീക്ഷിക്കുന്നില്ല.

ഇ. ചന്ദ്രശേഖരൻ.

# 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2007-ലെ 1-ാം ആക്റ്റ്)

** ** ** **

5. കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും.—(1) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ അപ്രകാരമുള്ള എല്ലാ അധികാരങ്ങളും കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്, പ്രത്യേകിച്ചും:—

(എ) കമ്മീഷന്, അപേക്ഷയിന്മേലോ അല്ലാതെയോ, അതിനു യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള അന്വേഷണത്തിനുശേഷവും സർക്കാർ ഇതിലേക്കായി നിർണ്ണയിക്കുന്ന പ്രകാരമുള്ള പൊതുമാനദണ്ഡങ്ങൾക്ക് വിധേയമായും ജില്ലയെയോ ജില്ലകളെയോ അതിന്റെ ഭാഗത്തെയോ, വിളയെയോ വിളകളെയോ, അതത് സംഗതിപോലെ, ദുരന്തബാധിത പ്രദേശമായോ ദുരന്തബാധിത വിളയായോ പ്രഖ്യാപിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും ഒരു കർഷകനെ, അപേക്ഷയിൻമേൽ അപ്രകാരമുള്ള അന്വേഷണത്തിനും മാനദണ്ഡങ്ങൾക്കും വിധേയമായി ദുരിതബാധിത കർഷകനായി പ്രഖ്യാപിക്കുന്നതിനും;

(ബി) ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉത്തമർണ്ണൻമാരുടെ സംഗതിയിൽ, 6-ാം വകുപ്പ് പ്രകാരം അതത് സംഗതിപോലെ ദുരന്തബാധിത പ്രദേശമായോ ദുരന്തബാധിത വിളയായോ, പ്രഖ്യാപിക്കപ്പെട്ട പ്രദേശവുമായോ വിളയുമായോ ബന്ധപ്പെട്ടോ അല്ലെങ്കിൽ ദുരിതബാധിതനായി പ്രഖ്യാപിക്കപ്പെട്ടതോ ആയ ഒരു കർഷകൻ ന്യായയുക്തമായി നൽകേണ്ടതെന്ന് കമ്മീഷൻ കരുതുന്ന പ്രകാരമുള്ള ന്യായ പലിശ നിരക്കും കടത്തിന്റെ സമുചിത നിലവാരവും നിശ്ചയിക്കുന്നതിനും;

(സി) ഖണ്ഡം (ബി) പ്രകാരം നിശ്ചയിച്ച ന്യായ പലിശ നിരക്കിന്റെയും കടത്തിന്റെ സമുചിത നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ, ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള, ഉത്തമർണ്ണൻമാരും കടക്കാരായ കർഷകരും തമ്മിലുള്ള തർക്കങ്ങൾ ഒത്തുതീർപ്പാക്കുന്നതിനും അനുരഞ്ജനം ഏറ്റെടുക്കുന്നതിനും;

(ഡി) (ബി) ഖണ്ഡത്തിൽ വിവരിക്കുന്ന പ്രകാരമുള്ള കർഷകരും, ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള, ഉത്തമർണ്ണൻമാരും തമ്മിലുള്ള തർക്കങ്ങൾ ന്യായനിർണ്ണയം നടത്തി, ഇരു കക്ഷികൾക്കും ബാധകമാകുന്ന അവാർഡുകൾ പാസ്സാക്കുന്നതിനും;

എന്നാൽ, ഈ ഖണ്ഡപ്രകാരം ഒരു അവാർഡ് പാസ്സാക്കുന്നതിനുമുൻപ്, ഉത്തമർണ്ണന്, അയാൾക്കു പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകേണ്ടതാണ്.

(ഇ) (ബി) ഖണ്ഡത്തിൽ വിവരിക്കുന്ന കർഷകരുടെ വായ്പ എഴുതിത്തള്ളുന്നതിനും പലിശ നിരക്ക് ഇളവ് ചെയ്യുന്നതിനും വായ്പ പുനഃക്രമീകരിക്കുന്നതിനും വായ്പാ മൊറട്ടോറിയം ഏർപ്പെടുത്തുന്നതിനും ഉത്തമർണ്ണൻമാരുമായി കൂടിയാലോചനകളിൽ ഏർപ്പെടുന്നതിനും;

(എഫ്) കർഷകർക്ക് നൽകേണ്ടതായ കടാശ്വാസത്തിന്റെ വ്യാപ്തിയും രീതിയും സംബന്ധിച്ച് സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും;

(ജി) കടം പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കുന്നതിനും കടത്തിന്റെ അനന്തര ഫലങ്ങളിൽ നിന്നും കർഷകരെ വിമുക്തരാക്കുന്നതിനും വേണ്ടി സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും;

(എച്ച്) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം ഏജൻസികളിലൂടെ കർഷകരുടെ ഭാവി കടാവശ്യങ്ങൾ നിറവേറ്റപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ ചെയ്യുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും;

(ഐ) പൊതുവെ കർഷകരുടെ കടവുമായി ബന്ധപ്പെട്ട ഏതു കാര്യത്തെ കുറിച്ചുമുള്ള ആനുകാലിക റിപ്പോർട്ടുകൾ സർക്കാരിന് നൽകുന്നതിനും; കൂടാതെ

(ജെ) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും അത്തരം മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുന്നതിനും.

(2) ** ** **

(3) ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, മുതൽ, പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കപ്പെടുന്നതുവഴി ഒരു കർഷകന് നൽകുന്ന ഏതെങ്കിലും കടാശ്വാസം ഒത്തുതീർപ്പിലെത്തിച്ചേർന്ന കടത്തുക അമ്പതിനായിരം രൂപയോ അതിൽ കുറവോ ആയിരിക്കുന്ന സംഗതിയിൽ എഴുപത്തി അഞ്ച് ശതമാനത്തിലോ, അമ്പതിനായിരം രൂപയിൽ കൂടുതൽ ആയിരിക്കുന്ന സംഗതിയിൽ അമ്പത് ശതമാനത്തിൽ അധികരിക്കാത്ത തുകയോ അല്ലെങ്കിൽ ഒരു ലക്ഷം രൂപയോ ഏതാണോ കുറവ് അത് ആയിരിക്കേണ്ടതാണ്.

** ** ** **